പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2821

09.05.2017-ൽ മറുപടി നല്കേണ്ടിയിരുന്നത്

## ഷോപ്പിംഗ് കോംപ്ലക്സുകൾ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി ബസ്സ് ഡിപ്പോകളുമായി ചേർന്ന് കാട്ടാക്കട, നെടുമങ്ങാട്, പയ്യന്നൂർ, കൊട്ടാരക്കര, കാസർഗോഡ്, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിൽ വാണിജ്യ കേന്ദ്രങ്ങൾ നിർമ്മിച്ച് കടമുറികൾ ലേലം / ടെണ്ടർ നടപടികൾ വഴി പലിശ രഹിത നിക്ഷേപം സ്വീകരിച്ച് കടകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഹരിപ്പാട്, മൂവാറ്റുപുഴ, തൊടുപുഴ, മലപ്പുറം, പത്തനംതിട്ട, നിലമ്പൂർ എന്നീ സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയ നിർമ്മാണം പുരോഗതിയിലുമാണ്. കെ.എസ്.ആർ.ടി.സി കെ.റ്റി.ഡി.എഫ്.സി. യുമായി ചേർന്ന് ബി.ഒ.റ്റി അടിസ്ഥാനത്തിൽ തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നീ സ്ഥലങ്ങളിലെ വാണിജ്യ സമുച്ചയ നിർമ്മാണവും പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഓരോ ഷോപ്പിംഗ് കോംപ്ലക്സിനും വായ്പ എടുത്ത തുകയും തിരിച്ചടച്ച തുകയും വെളിപ്പെടുത്തുമോ; | (ബി) | 2012-13 സാമ്പത്തിക വർഷം ബസ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 30 കോടി രൂപ വായ്പയായി സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**യൂണിറ്റ്** — **തുക**<br>കോട്ടയം — 3 കോടി രൂപ |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>പാലാ</td><td>5 കോടി</td></tr>
<tr><td>ഈഞ്ചക്കൽ</td><td>4 കോടി</td></tr>
<tr><td>നിലമ്പൂർ</td><td>3 കോടി</td></tr>
<tr><td>പത്തനംതിട്ട</td><td>2 കോടി</td></tr>
<tr><td>തൊടുപുഴ</td><td>2 കോടി</td></tr>
<tr><td>ഹരിപ്പാട്</td><td>2 കോടി</td></tr>
<tr><td>പാലക്കാട്</td><td>2 കോടി</td></tr>
<tr><td>എസ്.റ്റി.സി.,<br>തിരുവനന്തപുരം</td><td>1 കോടി</td></tr>
<tr><td>കരുനാഗപ്പള്ളി</td><td>2 കോടി</td></tr>
<tr><td>മലപ്പുറം</td><td>1 കോടി</td></tr>
<tr><td>പയ്യന്നൂർ</td><td>1 കോടി</td></tr>
<tr><td>മൂവാറ്റുപുഴ</td><td>1 കോടി</td></tr>
<tr><td>മൂന്നാർ</td><td>1 കോടി</td></tr>
<tr><td>ആകെ</td><td>30 കോടി രൂപ</td></tr>
</table>
ടി വായ്പാ തുക ഇക്വിറ്റിയാക്കി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനം കൈകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് നമ്പർ. സ.ഉ.(കൈ) നമ്പർ 46/2015/ഗതാഗതം തീയതി 20.08.2015). കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി. യുമായി ചേർന്ന് ബി.ഒ.ടി വ്യവസ്ഥയിൽ അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ), കോഴിക്കോട് എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ള വ്യാപാര സമുച്ചയങ്ങൾക്ക് കെ.ടി.ഡി.എഫ്.സി. പൊതുജനങ്ങളിൽ നിന്നും സ്ഥിരനിക്ഷേപമായി സ്വീകരിച്ച പണം ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്.
</td></tr>
<tr><td>(സി)</td><td>ഓരോ സെന്ററിലും വാടകയ്ക്ക് കൊടുത്തതും വാടകയ്ക്ക് കൊടുക്കുവാനുള്ളതുമായ മുറികളുടെ എണ്ണം വ്യക്തമാക്കുമോ; മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിനായി ക്ഷണിച്ച ടെണ്ടറുകളുടെ എണ്ണവും ഓരോ ടെണ്ടറിലും ലഭിച്ച അപേക്ഷ</td><td>(സി)</td><td>കാസർഗോഡ്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ യൂണിറ്റുകളിലാണ് വ്യാപാര സമുച്ചയ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചത്<br>കാട്ടാക്കട യൂണിറ്റിൽ ആകെ കടമുറികൾ 32 -ഉം ഗോഡൗൺ സ്പെയ്സ് 3 എണ്ണവും</td></tr>
</table>

| | | | |
|---|---|---|---|
| | കളുടെ എണ്ണവും വ്യക്തമാക്കുമോ; | | ഓഫീസ് സ്പെയ്സ് 2 എണ്ണവും ഉള്ളതിൽ ഓഫീസ് ബ്ലോക്ക് 1 ഉം 2 കടമുറികളും ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്.<br>നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 30 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ബാക്കി 10 മുറികളാണ് അവശേഷിക്കുന്നത്.<br>നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികൾ ഉള്ളതിൽ 26 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. ബാക്കി 27 മുറികളാണ് അവശേഷിക്കുന്നത്.<br>പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികൾ ഉള്ളതിൽ 32 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. ബാക്കി 8 മുറികളാണ് അവശേഷിക്കുന്നത്.<br>കണ്ണൂർ വാണിജ്യ സമുച്ചയത്തിൽ ആകെ 46 മുറികളാണ് ഉള്ളത്. അതിൽ 37 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തുകയും ബാക്കിയുള്ള 9 മുറികൾ കെ.എസ്.ആർ.ടി.സി.യുടെ ഓഫീസായി ഉപയോഗിച്ച് വരികയുമാണ്.<br>കൊട്ടാരക്കര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 34 എണ്ണവും ഒരു ഹാളുമാണ് ഉള്ളത്. ഇതിൽ 34 കടമുറികൾക്കും ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ഒരു ഹാൾ മാത്രമാണ് അവശേഷിക്കുന്നത്.<br>കാസർഗോഡ് യൂണിറ്റിൽ ആകെ കടമുറികൾ 73 എണ്ണം ഉള്ളതിൽ 71 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ബാക്കി 2 മുറികളാണ് അവശേഷിക്കുന്നത്. |

| | | | |
|---|---|---|---|
| | | | മൂവാറ്റുപുഴ യൂണിറ്റിൽ വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. നിലവിൽ 47 മുറികൾ നിർമ്മിച്ചതിൽ 16 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത വാണിജ്യ സമുച്ചയത്തിന്റെ പണികൾ പൂർത്തീകരിക്കാത്തതിനാൽ കടകൾ ഒന്നും തന്നെ തുറന്ന് പ്രവർത്തിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് കടകൾക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിൽ മൂവാറ്റുപുഴ വാണിജ്യ സമുച്ചയം 3 തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയതിൽ 95 അപേക്ഷകൾ ലഭിച്ചു. പയ്യന്നൂർ വാണിജ്യ സമുച്ചയത്തിൽ 10 തവണ ടെണ്ടർ നടപടികൾ നടത്തുകയും 110 അപേക്ഷകൾ ലഭിക്കുകയും നെയ്യാറ്റിൻകര യൂണിറ്റിൽ 5 തവണകളായി നടത്തിയ ടെണ്ടർ നടപടികൾക്ക് 48 അപേക്ഷകൾ ലഭിക്കുകയും നെടുമങ്ങാട് യൂണിറ്റിൽ 8 തവണകളായി നടത്തിയ ടെണ്ടർ നടപടികൾക്ക് 55 അപേക്ഷകൾ ലഭിച്ചിട്ടുള്ളതുമാണ്. |
| (ഡി) | തിരുവനന്തപുരം പോലെയുള്ള സെന്ററുകളിൽ മുറികൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) | ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നല്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ